**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 245** **11-03-2025 - ൽ മറുപടിയ്ക്ക്**

**താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ താലൂക്ക് ഓഫീസുകളിലായി രണ്ടുലക്ഷത്തോളം പരാതികൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ഭൂമി സംബന്ധമായി ലഭിക്കുന്ന പരാതികളിൽ കോടതി കേസുകൾ നിലവിലുള്ളവ, വ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾ നിലനിൽക്കുന്ന കേസുകൾ സംസ്ഥാനത്ത് നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയാത്തവ എന്നിവ ഒഴികെയുള്ള എല്ലാ കേസുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. താലൂക്കുകളിൽ അദാലത്തുകൾ നടത്തി പരാതികൾ പരിഹരിച്ചു വരുന്നുണ്ട്. |
| (ബി) | സർവേ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | വിവിധ ഇനങ്ങളിലായി 1,40,044 അപേക്ഷകളാണ് നിലവിലുള്ളത്. താലൂക്കുകളിൽ കെട്ടികിടക്കുന്ന LRM പരാതികളിൽ പലവക ഇനത്തിൽപ്പെട്ടതും, പേര് മാറ്റം, ഇനം മാറ്റം തുടങ്ങിയ വിഭാഗത്തിൽപ്പെട്ടതുമായ 44,000 അപേക്ഷകൾ അടിയന്തിരമായി അദാലത്തുകൾ സംഘടിപ്പിച്ച് തീർപ്പാക്കുന്നതിന് തഹസിൽദാർ/വില്ലേജ് ഓഫീസർമാർക്ക് അധികാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ശേഷിക്കുന്ന അതിർത്തി പുനർനിർണ്ണയം, വിസ്തീർണ്ണ വ്യത്യാസം ഇനത്തിൽപ്പെട്ട അപേക്ഷകൾ വേഗതയിൽ പരിഹരിക്കുന്നതിനുള്ള SOP തയ്യാറാക്കിയിട്ടുണ്ട്. ഇത് വേഗതയിൽ നടപ്പിൽ വരുത്തും. |
| (സി) | താലൂക്ക്, സർവേ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | വിവിധ ഇനങ്ങളിലായി 1,40,044 അപേക്ഷകളാണ് നിലവിലുള്ളത്. താലൂക്കുകളിൽ കെട്ടികിടക്കുന്ന LRM പരാതികളിൽ പലവക ഇനത്തിൽപ്പെട്ടതും, പേര് മാറ്റം, ഇനം മാറ്റം തുടങ്ങിയ വിഭാഗത്തിൽപ്പെട്ടതുമായ 44,000 അപേക്ഷകൾ അടിയന്തിരമായി അദാലത്തുകൾ സംഘടിപ്പിച്ച് തീർപ്പാക്കുന്നതിന് തഹസിൽദാർ/വില്ലേജ് ഓഫീസർമാർക്ക് അധികാരം നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ശേഷിക്കുന്ന അതിർത്തി പുനർനിർണ്ണയം, വിസ്തീർണ്ണ വ്യത്യാസം ഇനത്തിൽപ്പെട്ട അപേക്ഷകൾ വേഗതയിൽ പരിഹരിക്കുന്നതിനുള്ള SOP തയ്യാറാക്കിയിട്ടുണ്ട്. ഇത് വേഗതയിൽ നടപ്പിൽ വരുത്തും. |

സെക്ഷൻ ഓഫീസർ